5816251/2023

## <u>നിർദ്ദേശങ്ങൾ</u>

1 പ്രായോഗികമായി ബുദ്ധിമുട്ട് ഉള്ളതിനാലും സങ്കീർണ്ണമായ നിയമ പ്രശ്നങ്ങൾ നിരന്തരം ഉണ്ടായേക്കാം എന്നുള്ളതിനാലും "നിർബന്ധിത സേവനം ചെയ്യാത്ത ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകേണ്ടതില്ല" എന്ന നിർദ്ദേശം തത്കാലം അംഗീകരിക്കേണ്ടതില്ല.

2 ഡെപ്യൂട്ടേഷൻ മുഖേന അല്ലാതെ സംസ്ഥാന തലത്തിൽ സ്ഥലം മാറ്റപ്പെടാവുന്ന ഫീൽഡ് വകുപ്പുകൾക്കും ജീവനക്കാർക്കും മാത്രം ഈ നിബന്ധനകൾ ബാധകമാക്കിയാൽ മതിയാകും. IAS, KAS, സെക്രട്ടേറിയറ്റ് സർവ്വീസ് എന്നിവയെ ഒഴിവാക്കാവുന്നതാണ്.

3. മേൽപ്പറഞ്ഞ ജില്ലകളിലേക്ക് ഉള്ള സ്ഥലംമാറ്റം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നിർബന്ധിതസേവന കാലയളവിൽ ആർജ്ജിക്കാവുന്ന ആർജ്ജിത അവധികളുടെ എണ്ണം 1/11 എന്നതിന് പകരം 1/8 എന്നാക്കി മാറ്റാവുന്നതാണ്.

a) നിർബന്ധിത സേവന കാലയളവിൽ നിശ്ചിത ദിവസങ്ങളിൽ അധികം (ഉദാ: 30 ദിവസം) (മെഡിക്കൽ സാഹചര്യങ്ങൾ ഒഴികെ) അവധി എടുക്കുന്നവർക്ക് ഈ ആനുകൂല്യം ലഭിക്കാൻ അർഹത ഉണ്ടാകണമെങ്കിൽ, ഇങ്ങനെ നീണ്ട അവധികൾ എടുത്ത കാലയളവ് കൂടി ആ ജില്ലകളിൽ അധികമായി തുടരണം.

b) ഇങ്ങനെ നിർബന്ധിത സേവന കാലയളവിൽ അധികം തുടരേണ്ടി വരുന്നവർക്ക് പൊതു സ്ഥലം മാറ്റത്തിന്റെ ഭാഗമായല്ലാതെ സ്ഥലം മാറ്റം നൽകാവുന്നതുമാണ്.

4. നിർബന്ധിത സേവനത്തിനായി നിയമിക്കപ്പെടുന്ന എല്ലാ ജീവനക്കാർക്കും അതേ തുടർന്ന് ഉണ്ടാകുന്ന സ്ഥലംമാറ്റങ്ങളിൽ അവർ ആവശ്യപ്പെടുന്ന ജില്ലകളിലേക്ക് പ്രഥമ മുൻഗണന നൽകാവുന്നതാണ്.